## ചലച്ചിത്രഗാനങ്ങളും സിനിമയും

ഇരുപതാംനൂറ്റാണ്ടിന്റെ കലയാണ് സിനിമയെന്ന് ലെനിൻ അഭിപ്രായപ്പെട്ടത് നൂറ്റാണ്ടിന്റെ ജീവിതസംസ്കാരത്തിന് ഊടും പാവും പണിയുന്നതിന് സിനിമയ്ക്ക് ചെലുത്താൻ കഴിയുന്ന സ്വാധീനം തിരിച്ചറിഞ്ഞതുകൊണ്ടായിരുന്നു. സിനിമയെ ജനപ്രിയമാക്കി മാറ്റുന്നതിൽ വലിയ പങ്ക് ഗാനങ്ങൽ വഹിച്ചിട്ടുണ്ട്. സംസാരിച്ചു തുടങ്ങിയ മലയാളസിനിമയായ ബാലനിൽ 23 ഗാനങ്ങളുണ്ടായിരുന്നു. ബാലനിൽ തുടങ്ങി ഇരുപത്തിഒന്നാം നൂറ്റാണ്ടിലേക്കെത്തപ്പെടുമ്പോൾ മലയാളസിനിമയെ വാണിജ്യപരമായും കലാപരമായും വ്യവസ്ഥപ്പെടുത്തുന്നതിൽ ചലച്ചിത്രഗാനങ്ങൾ വഹിച്ച പങ്ക് ചെറുതല്ലായെന്നു കാണാം. കോവലമൊരുവിനോദോപാദിയെന്നതിൽ നിന്ന് അക്കാദമിക്ക് തലത്തിലേയ്ക്ക് ഉയർന്നുകഴിഞ്ഞിരുന്നു മലയാള ചലച്ചിത്രഗാനശാഖ.

നിലക്കുയിലിലിലേയ്ക്ക് മലയാളസിനിമ ചെന്നത്തവേതന്നെ നാനൂറ്റിഅൻപതിന് മുകളിലേയ്ക്ക് ഗാനങ്ങൾ സിനിമയിൽ ഇടം നേടിയിരുന്നു. മഹാകവികളായ പുത്തൻകാവ് മാത്തൻതരകനും ജി.ശങ്കരക്കുറിപ്പുമെല്ലാം ചലച്ചിത്രഗാനരചനയിലേയ്ക്ക് കടന്നുവന്നവരാണ്. അക്കാലചലച്ചിത്രങ്ങളിൽ ഉൾപ്പെട്ട ഗാനങ്ങളുടെ എണ്ണം അമ്പരപ്പിക്കുന്നവയാണ്. ജ്ഞാനാംബികയിൽ പുത്തൻകാവ് മാത്തൻതരകനെഴുതിയത് 14 ഗാനങ്ങളും തുടർന്ന് വന്ന പ്രഹ്ലാദയിൽ കിളിമാനൂർ മാധവവര്യാർ എഴുതിസംഗീതം നൽകിയത് 24 പാട്ടുകളും ആയിരുന്നു. 1948 ൽ ഇറങ്ങിയ നിർമലയിൽ ജി.ശങ്കരക്കുറുപ്പ് എഴുതിയ 14 പാട്ടുകൾ ഉണ്ടായിരുന്നു. ജീവിതനൗക പുറത്തിറങ്ങിയത് 1951 ലായിരുന്നു. 13 പാട്ടുകളാണ് ഇതിൽ ഉൾപ്പെട്ടത്. പൊൻകുന്നം വർക്കിയുടെ നവലോകത്തിൽ 11 പാട്ടുകളും യാചകനിൽ 16 ഗാനങ്ങളും സ്ഥാനം പിടിച്ചു.

പ്രണയവും വിരഹവും ഇതളിട്ടുണർത്തി മലയാളകവിതയെ ചലച്ചിത്രഗാനങ്ങളിലേയ്ക്ക് വഴിതിരിച്ചുവിട്ടുകൊണ്ട് പി. ഭാസ്കരനും വയലാറും തൊട്ടുപിന്നാലെ ഒ.എൻ.വിയും കടന്നുവന്നത്. അറുപതുകളേയും എഴുപതുകളേയും കാൽപ്പനികതയിൽ കുരുക്കിയിട്ട വേളയിൽതന്നെയാണ് വ്യവസായവൽക്കരിക്കപ്പെട്ട് തുടങ്ങിയ സിനിമകളിൽ ഗാനങ്ങൾ അനിവാര്യമായ രൂപത്തിൽ ഇടം നേടിയെടുത്തത്. സ്റ്റുഡിയോകളുടെ ഇത്തിരിവട്ടത്തിൽ നിന്ന് പുറംവാതിൽ ചിത്രീകരണ സാധ്യതകളിലേയ്ക്ക് മലയാളിയുടെ പ്രണയഗാനരംഗങ്ങൾ പറിച്ചുനടപ്പെട്ടു. ചലച്ചിത്രഗാനങ്ങൾ കാതിന്റെ കല എന്നതിൽ നിന്ന് കണ്ണിന്റെ കലയായിത്തീർന്നു. ഗാനചിത്രീകരണത്തിന്റെ ദൃശ്യസാധ്യതകളാണ് ചലച്ചിത്രഗാനങ്ങളെ സംബന്ധിച്ച ധാരണകളെ തിരുത്തിക്കുറിച്ചത്. കേട്ടാസ്വദിക്കുന്നതിൽ നിന്ന് കണ്ടസ്വാദിക്കുന്നതിലേക്കുള്ള ചുവടുമാറ്റം ഏറെ പ്രധാനമാണ്. പ്രമേയവുമായി ബന്ധമില്ലാത്ത ദൃശ്യരൂപങ്ങളും ദ്രുതതാളവും ചടുലതയും വേഷവിധാനങ്ങളുടെ പൊടുന്നനേയുള്ള മാറ്റവും അസംഖ്യം പിന്നണിനർത്തകരും സാങ്കേതികതാ പരീക്ഷണങ്ങളും നമ്മുടെ മുൻധാരണകളെ പൊളിച്ചെഴുതാൻ പോന്നതായിരുന്നു.

പൂർണ്ണമായും ഒരു വ്യവസായമെന്ന നിലയിൽ സിനിമമാറി തുടങ്ങിയതോടെ ചലച്ചിത്രഗാനങ്ങളെ സംബന്ധിച്ച കാഴ്ച്ചപ്പാടുകളും ഏറെ മാറിയിട്ടുണ്ട്. വലിയമുതൽമുടക്കുള്ള സിനിമയുടെ മുടക്കുമുതലിൽ നല്ലൊരു പങ്ക് ഗാനചിത്രീകരണത്തിനായി നിക്കിവയ്ക്കുന്നു. കഥാപരിസരത്ത് നിന്ന് മാറി വിദേശലൊക്കേഷനുകളിലേയ്ക്ക് മലയാളഗാനരംഗ ചിത്രീകരണം ചെന്നെത്തിയിരിക്കുന്നു. കവിതവറ്റി ശുഷ്കമായ വരികൾ കേരളീയമനസ്സുകളിൽ അൽപായുസുകളായി മാറുകയും ചുണ്ടുകളിൽ താളമിട്ടുണർന്ന പഴയകാല ശീലുകൾ പോയകാലത്തെ ഗൃഹാതുരതയോടെ ഓർമ്മിപ്പിക്കുകയും ചെയ്യുന്നു.

സിനിമയുടെ വർത്തമാനത്തിൽ ചലച്ചിത്രഗാനങ്ങളുടെ ഭാവി ശോഭന മാണോ? ചലച്ചിത്രത്തിൽ ഗാനങ്ങൾക്ക് എന്ത് പ്രസക്തിയാണുള്ളത്? സിനിമയെന്ന കലാരൂപത്തിന് ഗാനങ്ങൾ അവശ്യഘടകമാണോ? പുറ ത്തിറങ്ങാതെ പെട്ടികളിലടക്കം ചെയ്ത സിനിമകളിലെ അനശ്വരഗാനങ്ങൾ ഉദാഹരിച്ച് ചലച്ചിത്രഗാനങ്ങളുടെ വേറിട്ട അസ്തിത്വം ഉറപ്പിക്കുന്നവരു ണ്ട്. പ്രമേയതലവുമായി ഇഴപിരിഞ്ഞു നിൽക്കുന്ന ഗാനങ്ങൾ ഒഴിവാക്ക പ്പെട്ടാലും സിനിമയുടെ ഒഴുക്കിനെ തെല്ലും ബാധിക്കുകയില്ലെന്ന് സോദാേ ഹരണം സ്ഥാപിക്കുന്നവരുണ്ട്. തന്റെ സിനിമയുടെ വെളിമ്പറമ്പിലേക്ക് ചലച്ചിത്രഗാനങ്ങളെ നീക്കിനിർത്തുന്ന പ്രമുഖ സംവിധായകൻ അടൂർ ഗോപാലകൃഷ്ണൻ സിനിമയിൽ ചലച്ചിത്രഗാനങ്ങളുടെ ആവശ്യമേയി ല്ലെന്ന കടുത്ത നിലപാടുകാരനാണ്. സിനിമയുടെ കലാപൂർണ്ണതയ്ക്ക് ഒരു സംഭാവനയും നൽകാൻ ഗാനങ്ങൾക്ക് കഴിയുന്നില്ല. സിനിമയുടെ ശരീരത്തിൽ ഇത്തിൾകണ്ണിയായി നിൽക്കുന്ന ഗാനങ്ങൾ സിനിമയുടെ കലാപരമായ ഒഴുക്കിനും തുടർച്ചയ്ക്കും വിലങ്ങുതടിയാണ്. വേവാത്ത ചേനക്കഷ്ണം പോലെ ആസ്വാദനക്ഷമതയിൽ ഒടുങ്ങാത്ത ചൊറിച്ചിലു ണ്ടാക്കുന്നവയാണ് ഗാനങ്ങളെന്ന അഭിപ്രായമാണ് അദ്ദേഹം ഉയർത്തുന്ന ത്.

പാഠഭാഗത്തിലേതുപോലെ സിനിമയുടെ കലാപരമായ മികവിന് പാട്ടുകൾ അവശ്യഘടകമാണെന്ന് അടൂരിനെപ്പോലെ ശ്യാമപ്രസാദും കരു തുന്നില്ല. അത് ആലങ്കാരികഭംഗി മാത്രമേ പകരുന്നുള്ളൂ. കച്ചവടസിനിമ യുടെ ദൃശ്യഭാഷയ്ക്ക് മിഴിവ് പകരുകയെന്ന ധർമ്മമാണ് ഇന്ന് ചലച്ചിത്രഗാ നങ്ങൾക്കുള്ളത്. ഒരു വിനോദവിഭവം എന്ന നിലയിലുള്ള സ്ഥാനം മാത്ര മാണ് ചലച്ചിത്രഗാനങ്ങൾക്ക് ഇന്ന് അവകാശപ്പെടാവുന്നത്. സിനിമയെ ജനങ്ങളിലെത്തിക്കുന്ന നിരവധി ഘടകങ്ങളിലൊന്നു മാത്രമായി അതിന്റെ സാധ്യതകൾ പരിമിതപ്പെട്ടുപോയിരിക്കുന്നു.

പക്ഷെ ഈ നിലപാടുകൾ ചലച്ചിത്രഗാനങ്ങളെ തള്ളിപ്പറയലായി വ്യാഖ്യാനിക്കാനാവില്ല. കാരണം ശ്യാമപ്രസാദ് തന്നെ കലാപരമായി ഔന്നത്യം പുലർത്തുകയും പ്രേക്ഷകമനസ്സിലേയ്ക്ക് ചേക്കേറുകയും ചെയ്ത സിനിമകളിൽ ഗാനങ്ങളുടെ സാധ്യത ഉപയോഗിച്ചിട്ടുണ്ട്. ഉദാഹ രണമായി 'അകലെ' എന്ന സിനിമയെടുക്കാം. ബിഥോവന്റെ സൊണാറ്റ ഈ സിനിമയെ കാവ്യാത്മകതലത്തിലേയ്ക്ക് നയിക്കുന്നു. 'ഒരേകടൽ' എന്ന സിനിമയുടെ പ്രമേയപരമായ ഭാവപൂർണ്ണതയ്ക്കായി ഉൾപ്പെടു ത്തിയ ഗാനത്തിന് പന്തുവരാളി രാഗം നിർദ്ദേശിച്ച് ചിട്ടപ്പെടുത്തിയതും സ്മരണീയമാണ്.

സിനിമയിലെ നിരവധിഘടകങ്ങളിൽ ഒന്ന് എന്ന നിലയിൽ നിന്ന് മല യാള ചലച്ചിത്രഗാനശാഖ ഒരു സാഹിത്യരൂപമെന്ന നിലയിലേയ്ക്ക് വളർന്നിരിക്കുന്നു. ടി.എം.ചുമ്മാറിന്റെ പദ്യസാഹിത്യചരിത്രം മുപ്പത്തി ഒന്നാം അദ്ധ്യായം സിനിമാഗാനങ്ങൾക്കായി നീക്കിവച്ചത് തന്നെ ഒരു സാഹിത്യരൂപമെന്ന നിലയിൽ ചലച്ചിത്രഗാനത്തിന്റെ സമകാലിക പ്രസക്തി യിലേയ്ക്ക് വിരൽചൂണ്ടുന്നു.